I/79352/2023

NO. DWCD/190/2023-ICDSB4

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :03-02-2023
Email -icdsbsection@gmail.com
Phone : 0471 – 2346508

**സർക്കുലർ**

വിഷയം: വനിത ശിശു വികസന വകുപ്പ്-ഐസിഡിഎസ്- അങ്കണവാടി ജീവനക്കാര്യം - **28.02.2023 ന് മുൻപ്** - പഞ്ചായത്ത് /മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ-എന്നിവിടങ്ങളിൽ അങ്കണവാടി വർക്കർ/ഹെൽപ്പർ- മുൻഗണന ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന: ഈ കാര്യാലയത്തിലെ 27.07.2022 ലെ ഐസിഡിഎസ് ബി4/24506/2018 നം. പരിപത്രം.

എല്ലാ ഐ.സി.ഡി.എസ് പ്രോജക്ടുകളിലും സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സൂചന പരിപത്ര തീയതി മുതൽ ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്ന കർശന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പല പ്രോജക്ടുകളിലും സെലക്ഷൻ ലിസ്റ്റ് നടപടികൾ ആരംഭിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപെട്ടിരിക്കുന്നതിനാൽ ജില്ലാ വനിത ശിശു വികസന ഓഫീസർ, പ്രോഗ്രാം ഓഫീസർ എന്നിവർ വ്യക്തിപരമായ ശ്രദ്ധ ചെലുത്തി സെലക്ഷൻ ലിസ്റ്റ്, മറ്റ് മുൻഗണനാ വിഭാഗം ലിസ്റ്റുകൾ ( ഹെൽപ്പർ സ്ഥാനക്കയറ്റ ലിസ്റ്റ്, ഭൂമി വിട്ടുകൊടുത്ത ആശ്രിത നിയമന ലിസ്റ്റ് (അപേക്ഷകരുണ്ടെങ്കിൽ മാത്രം), മരണമടഞ്ഞവരുടെ ആശ്രിത നിയമന ലിസ്റ്റ്(അപേക്ഷകരുണ്ടെങ്കിൽ മാത്രം), പഞ്ചായത്ത് തല സ്ഥലം മാറ്റം (മുൻഗണനാ വിഭാഗം 7) പ്രോജക്ട്തല സ്ഥലം മാറ്റം (മുൻഗണനാ വിഭാഗം (8) തുടങ്ങിയ മുൻഗണനാ വിഭാഗം ലിസ്റ്റുകൾ ഫെബ്രുവരി 28 ന് മുൻപായി തയ്യാറാക്കി സെലക്ഷൻ ലിസ്റ്റ് ഒഴികെയുള്ളവ അതത് ശിശുവികസന പദ്ധതി ഓഫീസർമാർ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും, സെലക്ഷൻ ലിസ്റ്റ് ജില്ലാ ഓഫീസർ വ്യക്തിപരമായ ശ്രദ്ധ ചെലുത്തി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സ്ഥിരമായി ഉണ്ടാകുന്ന ഒഴിവുകളിലൊന്നും തന്നെ ഒഴിച്ചിടുന്ന സാഹചര്യം ഉണ്ടാകാതെന്നും എല്ലാ ലിസ്റ്റുകളും 28.02.2023 ന് മുൻപായി പ്രസിദ്ധീകരിച്ച് ഈ കാര്യാലയത്തിൽ 5.03.2023 ന് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കൽ നടപടികളിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ അതത്, സൂപ്പർവൈസർമാർ നിർവഹിക്കേണ്ടതും സെലക്ഷൻ ലിസ്റ്റ് തയയാറാക്കലുമായി ബന്ധപ്പെട്ട എല്ലാ നടപടികളിലും ശിശു വികസന പദ്ധതി ഓഫീസർമാർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും ക്രമീകരണങ്ങളും ചെയ്യേണ്ടതുമാണ്.

ഈ നിർദ്ദേശം പാലിക്കാതെ അങ്കണവാടി വർക്കർ ഹെൽപ്പർമാർ വിരമിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകളിൽ അനാവശ്യ താൽക്കാലിക നിയമനങ്ങൾ നടത്തുന്ന ശിശുവികസന പദ്ധതി ഓഫീസർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. ടി വിഷയത്തിൽ പ്രോഗ്രാം ഓഫീസർ കൃത്യമായ പുരോഗതി വിലയിരുത്തേണ്ടതും ആയത് ക്രോഡീകരിച്ച് സമയപരിധി കൃത്യമായി പാലിച്ച് ഈ കാര്യാലയത്തിൽ പ്രോഗ്രാം ഓഫീസർ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്

PRIYANKA G
**വനിത ശിശുവികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓപീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ സൂപ്പർവൈസർമാർക്കും

**Signed by Priyanka G**
**Date: 03-02-2023 07:00:47**